<u>പതിമൂന്നാം കേരള നിയമസഭ</u>
<u>ഒന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 618 — 29.06.2011—ൽ മറുപടിക്ക്

## പഴവങ്ങാടി—റാന്നി—വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പഴവങ്ങാടി—റാന്നി—വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ആദ്യ ഘട്ടത്തിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) റാന്നി—പഴവങ്ങാടി വടശ്ശേരിക്കര മേജർ കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1100 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്.<br>1. 7.5 എം.എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണ ശാല.<br>2. ഉപരിതല ജല സംഭരണികൾ 5 എണ്ണം. ഉന്നതതല ജലസംഭരണി—1 എണ്ണം. ബൂസ്റ്റർ സംപും പമ്പ് ഹൗസും—6 എണ്ണം.<br>3) പമ്പിംഗ് മെയിനുകൾ—26 km<br>4) പമ്പ് സെറ്റുകൾ— 9 സെറ്റുകൾ<br>5) വിതരണ ശ്യംഖലകൾ—23 കിലോമീറ്റർ<br>6) ട്രാൻസ്ഫോർമർ സ്ഥാപിക്കൽ |
| (ബി) ഇതനുസരിച്ച് ഏതൊക്കെ പ്രവർത്തനങ്ങളാണ് ഇതേവരെ പൂർത്തിയാക്കിയിട്ടുള്ളത്; ഇനിയും പൂർത്തിയാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്? | (ബി) ഇതനുസരിച്ച് പൂർത്തിയാക്കിയിട്ടുള്ളത് താഴെ പറയുന്നവയാണ്<br>1) ജല ശുദ്ധീകരണശാല<br>2) ഉന്നതതല ജല സംഭരണി—1<br>3) ഉപരിതല ജല സംഭരണികൾ—5<br>4) ബൂസ്റ്റർ സംപും പമ്പ് ഹൗസുകളും—5<br>5) വിതരണ ശ്യംഖലകൾ—9 കിലോമീറ്റർ<br>6) പമ്പിംഗ് മെയിനുകൾ—20 കിലോമീറ്റർ |

| | | |
|---|---|---|
| | | 7) പമ്പ് സെറ്റുകൾ—2 എണ്ണം<br>ഇനിയും പൂർത്തിയാക്കാൻ ഉള്ളത് താഴെ പറയുന്നവയാണ്.<br>ബൂസ്റ്റർ സംപ്—1 എണ്ണം<br>ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.<br>വിതരണ ശൃംഖല—14 കിലോമീറ്റർ<br>പമ്പിംഗ് മെയിനുകൾ—6 കിലോമീറ്റർ<br>പമ്പ് സെറ്റുകൾ—7 എണ്ണം. |
| (സി) | ഇവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും അറിയിക്കുമോ; | (സി) പ്രസ്തുത പണി 2012 മാർച്ച് മാസത്തിൽ പൂർത്തിയാക്കാനാണ്. ഉദ്ദേശിക്കുന്നത് ഇതിനുശേഷം 6 മാസത്തെ ട്രയൽ റൺ നടത്തി 2012 സെപ്റ്റംബറിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ് |
| ഡി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പൂർത്തീകരണത്തിനായി എസ്.എൽ. എസ്.എസ്.സി പാസ്സാക്കിയ 14 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്; ഇതിന് ഫണ്ട് ലഭ്യമാക്കുന്നതിന് എങ്ങനെയെന്ന് വ്യക്തമാക്കുമോ; | റാന്നി—പഴവങ്ങാടി—വടശ്ശേരിക്കര ഗ്രാമങ്ങളിൽ വിതരണ ശൃംഖല സ്ഥാപിക്കാനായുള്ള 14.59 കോടി രൂപയുടെ ഒരു പ്രൊപ്പോസലിന് 5.6.2010 —ൽ കൂടിയ എസ് എൽ. എസ്. എസ്. സി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിൽ ചെലവ് വഹിക്കേണ്ടതാണ് |

സെക്ഷൻ ഓഫീസർ